SDOF SUNDAY

Vol. 01 No. 12 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 August 09

സ്നേഹദൂതുമായ് ഇടയൻ. പ. കാതോലിക്കാ ബാവായും മെത്രാപ്പോലീത്താമാരും പെരുനാട് ശബരിമല ഇടത്താവളത്തിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് സഭയുടെ സഹായഹസ്തം കൈമാറി.

മുതുകുളം സെൻ്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ സെൻ്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ പ്രവർത്തന ഉദ്ഘാടനവും, പൗലോസ് മാർ പക്കോമിയോസ് അനുസ്മരണവും, ലഹരി വിരുദ്ധ ക്ലാസും ഇടവക വികാരി ഫാ. ജോബ് റ്റി. ഫിലിപ്പിന്റെ അധ്യക്ഷതയിൽ അഡ്വ. ഉമ്മൻ ജോൺ (SDOF കേന്ദ്ര ട്രഷറർ) ഉദ്ഘാടനം ചെയ്തു. കുറത്തികാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ എബി എം. എസ്. ക്ലാസ് നയിച്ചു. മേഴ്സി ഉമ്മൻ, SDOF സെക്രട്ടറി ജിഷ ജോസ്, SDOF വൈസ് പ്രസിഡൻ്റ് റോയ് മാത്യു. ഇടവക ട്രസ്റ്റി പി. കെ. ബാബു, സെക്രട്ടറി സിജി തോമസ് എന്നിവർ പ്രസംഗിച്ചു.

തോട്ടയ്ക്കാട് മാർ അപ്രേം യൂണിറ്റിൻറെ ആഭിമുഖ്യത്തിൽ റൂഹോ പ്രാത്ഥനാ സംഗമം നടന്നു. കോട്ടയം ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ.ഫിലിപ്പോസ് കെ. സി. കരുന്നാട്ട് ഉദ്ഘാടനം ചെയ്തു. ഫാ.മാത്യു കുരുവിള, തറവട്ടത്തിൽ വചനപ്രഘോഷണം നടത്തി.

എസ്ഡിഒഎഫ്, എസ്ജെഒഎഫ് സംഘടനകളുടെ നിലയ്ക്കൽ ഭദ്രാസനതല സംയുക്ത വാർഷികം പെരുനാട് ബഥനി ആശ്രമത്തിൽ മെത്രാപ്പോലീത്താമാരായ മാത്യൂസ് മാർ തേവോദോസിയോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.

സംയുക്ത വാർഷിക സമ്മേളനം

റാന്നി: സെൻ്റ് ജോസഫ്സ് ഓർത്തഡോക്സ് ഫെലോഷിപ്പ്, സെൻ്റ് ഡയനീഷസ് ഓർത്തഡോക്സ് ഫെലോഷിപ്പ് സംഘടനകളുടെ നിലയ്ക്കൽ ഭദ്രാസനതല സംയുക്ത വാർഷികം റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ നടന്നു.

ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തോമസ് റമ്പാൻ അധ്യക്ഷത വഹിച്ചു. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. എസ്ജെഒഎഫ് കേന്ദ്ര ജനറൽ സെക്രട്ടറി ഡോ. മാത്യു പി. ജോസഫ് മുഖ്യപ്രഭാഷണം നടത്തി. എസ്ഡിഒഎഫ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം, ഫാ. മത്തായി ഒ.ഐ.സി., ഫാ. സാംസൺ എം. സൈമൺ, ഭദ്രാസന ഭാരവാഹികളായ ഫാ. സാം പി. ജോർജ്, റോമിക്കുട്ടി മാത്യു, ബോബി കാക്കാനാംപള്ളിൽ, ജോർളി മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

കൊല്ലം ഭദ്രാസനത്തിലെ മാധവശ്ശേരി മാർ തേവോദോറോസ് പള്ളി SDOF യൂണിറ്റ് നടത്തിയ മോട്ടിവേഷൻ ക്ലാസ്സിന് ബിനു കെ. സാം നേതൃത്വം നൽകി. ഫാ. ഏബ്രഹാം എം. വർഗീസ് ഉദ്ഘാടനം ചെയ്തു.

SDOF SUNDAY

Vol. 01, No. 12, 2026 August 09

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan
9447453341

Chief Editor
Raj Philip
9495381943

Editorial Board Members

Prinu T Mathews
Santhosh Daniel

Technical Advisor
Dr. Oommen K. Mathew

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following
E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

46-ാം സങ്കീർത്തനം

God's Promise of Heavenly help

സ്വർഗ്ഗീയ സഹായത്തെക്കുറിച്ചുള്ള ദൈവത്തിന്റ വാഗ്ദാനം

ആമുഖം: ബി.സി. 701-ാം മാണ്ട് സെൻഹരീബ് യഹൂദ്യയെ ആക്രമിച്ചപ്പോൾ എഴുതപ്പെട്ട ഈ സങ്കീർത്തനം, സീയോനെക്കുറിച്ചുള്ള ഒരു സ്തുതി ഗീതമായും, ദാവീദിന്റെ കാലത്ത് ആരാധനയ്ക്ക് നേതൃത്വം കൊടുത്ത ദേവാലയ ഗായകരുമായ കോരഹ് പുത്രന്മാരുടെ, ആത്മവിശ്വാസത്തിന്റെ ഒരു സങ്കീർത്തനമായും ഇത് അറിയപ്പെടുന്നു.

ലോകത്തിന്റെ അഗ്നിയിലും സഹനങ്ങളുടെ ത്രിവിധ സഹയാത്രികൻ:-

a) God is Our Refuge, We need not fear

സങ്കീർത്തനം 46:1-3 ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും.... നാം ഭയപ്പെടുകയില്ല . സങ്കീർത്തനം 46 മുതൽ 48 വരെ. ഇസ്രായേലിന്റെ ചരിത്രത്തിലെ വ്യത്യസ്തമായ രീതികളും അദ്ഭുതങ്ങളും പ്രതിപാദിച്ചിരിക്കുകയാണ്. അതിലെ ഒരു സംഭവം ഇപ്രകാരമാണ്. അസ്സീറിയക്കാർ, യഹൂദ്യ ദേശത്തെ അക്രമിച്ചപ്പോൾ ഹിസ്കിയാവ് രാജാവായി വാഴുകയാണ്. രാജാവ് ഈ പ്രതിസന്ധിയെ തരണം ചെയ്യുവാൻ ദൈവസന്നിധിയിൽ അപേക്ഷിച്ച് പ്രാർത്ഥിക്കുകയുണ്ടായി. (2 രാജാക്കന്മാർ 18, 19 അദ്ധ്യായങ്ങൾ) ഇസ്രായേലിന്റെ സംരക്ഷണത്തിനും അഭിവൃദ്ധിക്കുംവേണ്ടിയുള്ള ഈ യാചനയ്ക്ക് മറുപടി ലഭിച്ചു. അതിന്റെ ഫലമായി ദൈവത്തിന്റെ ദൂതൻ 185000 അസ്സിറിയാക്കാരെ കൊന്നൊടുക്കി. സഹനത്തിന്റെ എത്ര വലിയ തീച്ചൂളയിൽ കൂടി നമുക്ക് കടന്നുപോകേണ്ടിവന്നാലും ലോകത്തിന്റെ അഗ്നിക്കു നശിപ്പിക്കുവാൻ കഴിയുകയില്ല. കാരണം ദൈവം അവർക്കു സങ്കേതവും ബലവും ആശ്രയവും അഭയവുമാണ്. അജ്ഞേയവാദി എഴുത്തുകാരൻ H. G. Wells-ന്റെ വാക്കുകൾ ഇത്തരണത്തിൽ ശ്രദ്ധേയമാണ്. God is an ever absentee help in times of trouble പ്രതിസന്ധിഘട്ടങ്ങളിൽ ഒരിക്കലും കൈവിടാതെ സഹായമാണ് ദൈവം.

b) God is our strength, we need not faint

സങ്കീർത്തനം 46:4-7 ഒരു നദിയുണ്ട്. അതിന്റെ തോടുകൾ ദൈവനഗരത്തെ അത്യുന്നതന്റെ വിശുദ്ധ നിവാസത്തെ തന്നെ സന്തോഷിപ്പിക്കുന്നു. ദൈവം അതിന്റെ മദ്ധ്യേ ഉണ്ട്. അത് കുലുങ്ങിപ്പോകയില്ല. ഇവിടെ ദൈവസാന്നിദ്ധ്യത്തിന്റെ നിരന്തര പ്രവാഹമായും ദൈവകൃപയുടെ ഉറവിടമായ പരിശുദ്ധാത്മാവിലുള്ള ശാക്തീകരണത്തെയും പ്രതീകാത്മകമായി സങ്കീർത്തനക്കാരൻ പ്രതിപാദിച്ചിരിക്കുകയാണ്. നദി പ്രധാനമായും പരിശുദ്ധാത്മാവിനെയും ക്രിസ്തുവിന്റെ ജീവദായകമായ കൃപയെയും സൂചിപ്പിക്കുന്നു. ദൈവനഗരം പരിശുദ്ധ സഭയാണ്. തോടുകളിലെ നീർച്ചാലുകൾ, കൂദാശകൾ, ദൈവവചനം, പ്രാർത്ഥന, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്നിവയിലൂടെ വിശ്വാസികളുടെ ജീവിതത്തെ സന്തോഷവും സമാധാനവും നിറഞ്ഞതാക്കുന്നു. മാത്രമല്ല യരൂശലേം നദികളാൽ സമ്പന്നമായിരുന്നില്ല. എന്നാൽ ഹിസ്കിയാവ് രാജാവ് പട്ടണങ്ങളിലേക്ക് വെള്ളം എത്തിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയുണ്ടായി (2 രാജാ.20). അതുപോലെ ഉയിരും ഉറവയുമായ ക്രിസ്തു നാഥനിൽ കേന്ദ്രീകൃതമായ ജീവിതശൈലിയിലൂടെ പ്രാപിച്ച ദൈവകൃപയുടെ ഉറവുകൾ നമ്മളിൽ നിന്ന് പുറപ്പെട്ട് (കൗദാശിക ജീവിതം വഴിയായി പ്രാപിച്ചിട്ടുള്ളത്) ഈ ലോക സമ്മർദ്ദങ്ങളിലും വെല്ലുവിളികളിലും നഷ്ടപ്പെടുവാൻ ഇടയാകാതെ, ദൈവം നമ്മുടെ ബലം, നാം കുലുങ്ങി പോകയില്ല എന്നുള്ളത്, കഷ്ടതയുടെ പാരമ്യതയിലെ വിജയത്തിന്റെ പാഠഭേദങ്ങളായി മാറണം.

c) God is an ever-Present help: we need not fret

സങ്കീ. 46:8,10 വരുവീൻ; യഹോവയുടെ പ്രവൃത്തികളെ നോക്കുവിൻ, അവൻ ഭൂമിയിൽ എത്ര ശൂന്യത വരുത്തിയിരിക്കുന്നു. മിണ്ടാതിരുന്നു, ഞാൻ ദൈവമെന്ന് അറിഞ്ഞു കൊൾവിൻ.

സെൻഹരീബ് എന്ന അസ്സീറിയൻ രാജാവ് സൈന്യസമേതം യഹൂദ്യരാജ്യത്തെ ഉപരോധിച്ച് അവർക്ക് ഭീഷണി വരുത്തുകയും അവരുടെ ജീവിതത്തിന്റെ സ്വസ്ഥത നഷ്ടപ്പെടുത്തുകയും ചെയ്തു. അപ്പോൾ രാജാവും പ്രജകളും ദൈവസന്നിധിയിൽ വിടുതലായി പ്രാർത്ഥിക്കുകയുണ്ടായി.

ദൈവം അവിടെ ഒരു മഹാത്ഭുതം ചെയ്ത് അസ്സീറിയൻ സൈന്യത്തെ മുഴുവൻ നിശ്ചലമാക്കി, ഒരു ശൂന്യത ഭൂമിയിൽ സൃഷ്ടിച്ചതുപോലെ ശത്രുവിന്റെമേൽ വിജയം നേടി. 2 രാജാ.19:25- ൽ ഇങ്ങനെ വായിക്കുന്നു. ഞാൻ പണ്ടു പണ്ടേ അതിനെ ഉണ്ടാക്കി. പൂർവ്വകാലത്തുതന്നെ അതിനെ നിർമ്മിച്ചു എന്നു നീ കേട്ടിട്ടില്ലയോ? നീ ഉറപ്പുള്ള പട്ടണങ്ങളെ ശൂന്യകൂമ്പാരങ്ങളാക്കുവാൻ ഞാൻ ഇപ്പോൾ സംഗതി വരുത്തിയിരിക്കുന്നു. ഈ സന്ദർഭത്തിൽ വീണ്ടും ആവർത്തിക്കുന്നു. 'മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ.'

ഓർത്തഡോക്സ് ആരാധനയിലെ ശ്രദ്ധേയമായ ഒരു അനുഭവമാണ്, മൗനത്തിൽ നിറയേണ്ട ആത്മീയത ചൈതന്യം. ഹെസിക്കെസം എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം നിശബ്ദത, ശാന്തത, ഉള്ളിലെ സമാധാനം, ലോകത്തിൽ നിന്നുള്ള വേർപാട്, നിശബ്ദതയിൽ ദൈവത്തെ കണ്ടുമുട്ടാനുള്ള കല എന്നതാണ്. ധ്യാനാത്മക നിശബ്ദതയിലൂടെ, വാക്കുകളുടെ ജൽപനങ്ങളില്ലാതെ, സ്വന്തം ശക്തിയെ ഉയർത്തിക്കാട്ടുകയല്ലാതെ ദൈവീക ചൈതന്യത്തിൽ നിലകൊണ്ട് ദൈവശക്തിയുടെ പ്രഭാവം അംഗീകരിക്കുന്ന ഒരു ജീവിതശൈലി. എന്നുവെച്ചാൽ, ദൈവം, ദൈവമാകുന്നു എന്ന ഏക ചിന്തയിൽ ആ ദൈവത്തിന്റെ പരമാധികാരത്തിനെതിരെയുള്ള എല്ലാ വിചാരങ്ങളും നിശബ്ദമാകും എന്ന് ഗ്രഹിക്കുവാൻ കഴിയണം. എന്നാൽ യഹോവ തന്റെ വിശുദ്ധ മന്ദിരത്തിൽ ഉണ്ട്; സർവ്വഭൂമിയും അവന്റെ സന്നിധിയിൽ മൗനമായിരിക്കട്ടെ (ഹബക്കൂക് 2:20) മൗനത്തിന്റെ ആദ്ധ്യാത്മികത ദൈവവിശ്വാസൈക്യത്തിലേക്ക് ഇങ്ങനെ നയിക്കപ്പെടും എന്നത് നിസ്തർക്കമാണ്.

❑

മറിയാം സഭയുടെ പ്രതീകം



(വി. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ - ശൂനോയോ പെരുന്നാൾ / മർത്തമറിയം സമാജ ദിനം)

വി. ലൂക്കോസ് 11:27-36

ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

വി. ദൈവമാതാവിന്റെ ദേഹവിയോഗത്തെ അനുസ്മരിക്കുവാൻ ആഗസ്റ്റ് 15-ന് ആഘോഷിക്കുന്നതാണ് വാങ്ങിപ്പു പെരുന്നാൾ (Assumption). പൗരസ്ത്യ സുറിയാനി ഓർത്തഡോക്സ് സഭയിൽ 15 ദിവസത്തെ (ആഗസ്റ്റ് 1-15) നോമ്പോടുകൂടിയാണ് വാങ്ങിപ്പുപെരുന്നാൾ ആചരിക്കുന്നത്.

ഉത്ഭവം: യെരുശലേമിലാണ് വാങ്ങിപ്പു പെരുന്നാളിന്റെ ഉത്ഭവം. എ.ഡി. 434-ൽ യെരുശലേമിലെ പാരമ്പര്യത്തെ അടിസ്ഥാനമാക്കി ക്രോഡീകരിച്ച അർമ്മീനിയൻ വേദവായനക്രമത്തിൽ ആഗസ്റ്റ് 15-ന് 'ദൈവമാതാവായ മറിയാമിന്റെ പെരുന്നാളായി' ആചരിക്കണമെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. എ.ഡി. 431-ലെ എഫേസൂസ് സുന്നഹദോസ് കഴിഞ്ഞ ഉടനെതന്നെ ഈ പെരുന്നാൾ സഭാകലണ്ടറിൽ സ്ഥാനം പിടിച്ചു.

ആറാം ശതകത്തിന്റെ ആരംഭത്തിൽ ഗത്സമനെയിലുള്ള ഒരു ദേവാലയത്തിൽ കന്യകമറിയാമിന്റെ കല്ലറ ഉണ്ടെന്ന് പരക്കെ വിശ്വസിച്ചിരുന്നു. ആ ദേവാലയത്തിൽ ആഗസ്റ്റ് 15 മാതാവിന്റെ പെരുന്നാളായി ആചരിച്ചിരുന്നു. അഞ്ചാം ശതകത്തിന്റെ ഉത്തരാർദ്ധം മുതൽ മാതാവിന്റെ മരണത്തെപ്പറ്റിയുള്ള അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ സഭയിൽ പ്രചരിച്ചിരുന്നു. അവയുടെ സ്വാധീനത്തിൽ ആഗസ്റ്റ് 15 മാതാവിന്റെ ദേഹവിയോഗത്തിന്റെ (Dormition) പെരുന്നാളായി രൂപാന്തരപ്പെട്ടു.

എ.ഡി. 600-നോടടുത്ത് മൗറീസ് ചക്രവർത്തി ഒരു വിളംബരത്തിലൂടെ ഈ പെരുന്നാൾ ബൈസന്റയിൻ സാമ്രാജ്യത്തിലുടനീളം ആചരിക്കണമെന്ന് അനുശാസിച്ചതിനെത്തുടർന്ന് ഇതിനു പരക്കെ അംഗീകാരം ലഭിച്ചു. എ.ഡി. 650-നുശേഷം റോമിൽ ഈ പെരുന്നാൾ ആചരിച്ചു തുടങ്ങുകയും ദൈവമാതാവിന്റെ വാങ്ങിപ്പു (Assumption) തിരുനാളായി അറിയപ്പെടുകയും ചെയ്തു.

ശരീരത്തോടുകൂടിയ സ്വർഗ്ഗാരോഹണം

മറിയാം സ്വാഭാവിക മരണമടഞ്ഞ് യരുശലേമിൽ ഒലിവുമലയുടെ അടിവാരത്തിലുള്ള ഒരു കല്ലറയിൽ സംസ്ക്കരിപ്പപ്പെട്ടു എന്നാണ് സഭാപാരമ്പര്യം. മാതാവിന്റെ മൃതശരീരം മണ്ണിൽ ചേരുവാൻ അനുവദിക്കാതെ സ്വർഗ്ഗത്തേക്കു എടുക്കപ്പെടുകയാണുണ്ടായത് എന്നുള്ള ഒരു പാരമ്പര്യവുമുണ്ട്. വി. ദൈവമാതാവിന്റെ ശരീരത്തോടുകൂടിയ സ്വർഗ്ഗാരോഹണം കത്തോലിക്കാ സഭയുടെ ഔദ്യോഗിക വിശ്വാസസത്യമായി (ഡോഗ്മാ - രക്ഷയ്ക്കു ആവശ്യമായ വിശ്വാസം) 1950 നവംബർ ഒന്നിന് പന്ത്രണ്ടാം പിയൂസ് പാപ്പാ പ്രഖ്യാപിക്കുകയുണ്ടായി.

അപ്പോക്രീഫാ ഗ്രന്ഥങ്ങളുടെ സ്വാധീനത്തിൽ സുറിയാനി സഭയിലെ ചില പ്രാർത്ഥനകളിൽ, ദൈവമാതാവിന്റെ ശരീരത്തോടുകൂടിയ സ്വർഗ്ഗപ്രവേശനത്തെപ്പറ്റി സൂചനകൾ ഉണ്ടെങ്കിലും രക്ഷയ്ക്ക് അത്യന്താപേക്ഷിതമായ ഒരു വിശ്വാസപ്രമാണമായി പൗരസ്ത്യ സഭ ഇതിനെ കണക്കാക്കുന്നില്ല.

ദൈവത്തെ പ്രസവിച്ചവൾ (തിയോടോക്കോസ്)

"എന്റെ കർത്താവിന്റെ മാതാവ്" എന്ന് എലിസബേത്ത് വിശേഷിപ്പിച്ചതുപോലെ "ദൈവത്തെ പ്രസവിച്ചവളെ"ന്ന (തിയോടോക്കോസ്) അർത്ഥത്തിൽ ദൈവമാതാവെന്നു പറഞ്ഞ് കന്യകമറിയാമിനെ ബഹുമാനിക്കുന്നത് ആദിമ സഭാപാരമ്പര്യമാണ്. ഇത് തെറ്റാണെന്ന് നെസ്തോറിയോസിനു തോന്നി. "ക്രിസ്തുവിനെ പ്രസവിച്ചവൾ" എന്ന (ക്രിസ്റ്റോടോക്കോസ്) തിരുത്തൽ അദ്ദേഹം നൽകി. കർത്താവിന്റെ പൂർണ്ണ മനുഷ്യത്വം സ്ഥാപിക്കുന്നതിന് ഈ പുതിയ പേരാണ് വേണ്ടതെന്ന് നെസ്തോറിയോസ് വാദിച്ചു.

എന്നാൽ കന്യകയുടെ ഗർഭത്തിൽ വസിച്ചപ്പോൾത്തന്നെ കർത്താവ് പൂർണ്ണ ദൈവമായിരുന്നു എന്ന് വ്യക്തമാക്കുന്നതിന്, തിയോടോക്കോസ് എന്ന പേരു തന്നെ വേണമെന്ന് അലക്സാന്ത്രിയായിലെ മാർ കൂറിലോസ് വാദിച്ചു. 'ദൈവമാതാവെന്നോ' 'ദൈവപ്രസവിത്രി' എന്നോ പറയുമ്പോൾ, ദൈവത്തെ വഹിച്ചവളെന്ന അർത്ഥമല്ലാതെ, ദൈവത്തിന്റെ ഉറവിടമാണെന്ന അർത്ഥം നാം കൊടുക്കുന്നില്ല എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

റോമാസഭ 1854-ൽ മാതാവിനു ജന്മപാപം ഇല്ല എന്നുള്ള അമലോത്ഭവ സിദ്ധാന്തം പ്രഖ്യാപിച്ചു. അതായത്, മറിയാം അവളുടെ അമ്മയുടെ ഗർഭത്തിൽ ഉരുവായ സമയം തന്നെ ജന്മപാപത്തിന്റെ എല്ലാ കറകളിൽ നിന്നും വിമോചിപ്പിക്കപ്പെട്ടു. ഈ സിദ്ധാന്തം ഓർത്തഡോക്സ് സഭകൾ നിരാകരിക്കുകയും മറ്റേതു ശിശുവും ജനിക്കുന്ന അവസ്ഥയിൽ തന്നെയാണ് മറിയാമും ജനിച്ചത് എന്നു പഠിപ്പിക്കുകയും ചെയ്യുന്നു. അമലോത്ഭവ സിദ്ധാന്തത്തിന് വേദപുസ്തകത്തിൽ അടിസ്ഥാനവുമില്ല. പുത്രന്റെ രക്ഷണ്യപ്രവർത്തനത്തിൽകൂടിയാണ് മാതാവിനും രക്ഷയുടെ പങ്കാളിത്തം ലഭിക്കുന്നത്.

ദൈവമാതാവിന്റെ മദ്ധ്യസ്ഥത

ദൈവമാതാവിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ പുരാതന സഭകളെല്ലാം വിശ്വസിക്കുന്നുണ്ട്. 'നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു' (വി. യാക്കോ. 5:16) എന്ന് വി. യാക്കോബ് പറഞ്ഞിരിക്കുന്നതനുസരിച്ച് ദൈവമാതാവിന്റെ മദ്ധ്യസ്ഥപ്രാർത്ഥന വളരെ അനുഗ്രഹകരമാണ്. ഇത് അനേകരുടെ അനുഭവവുമാണ്. "കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" (വി. ലൂക്കോസ് 1:48) എന്ന് കർത്താവിനെ ഉദരത്തിൽ കൈക്കൊണ്ടശേഷം കന്യകമറിയാം പ്രസ്താവിക്കുന്നതിൽ നിന്നും വി. മാതാവിന്റെ ഭാവി ഭാഗ്യാവസ്ഥ മനസ്സിലാക്കാം.

ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗത്ത് (വി. ലൂക്കോസ് 11:27-36) ജനക്കൂട്ടത്തിൽ നിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ വിളിച്ചു പറയുന്നത് "നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ" (വാ. 27) എന്നാണ്. മറിയാം നിത്യകന്യകയായിരുന്നു എന്നും, എല്ലാ വിശുദ്ധരിലും അവൾ അഗ്രഗണ്യയെന്നും സഭ പഠിപ്പിക്കുന്നു. പരിശുദ്ധന്മാരെ ഓർത്ത് പ്രാർത്ഥിക്കുമ്പോൾ ആദ്യം മാതാവിനെയാണ് അനുസ്മരിക്കുന്നത്.

മറിയാം സഭയുടെ പ്രതീകം

മറിയാമിനെ സഭയുടെ പ്രതീകമായി ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നു (വെളി. 12:1-6). വിശ്വാസത്താലും സമർപ്പണത്താലും വചനമാകുന്ന ക്രിസ്തുവിനെ ഉള്ളിൽ സ്വീകരിച്ച്, ആ ക്രിസ്തുവിനെ ലോകരക്ഷകനായി നൽകുകയാണ് മറിയാം ചെയ്തത്. സഭയുടെയും, ഓരോ ക്രിസ്തീയ വിശ്വാസിയുടെയും ദൗത്യം ഇതുതന്നെ. സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെ പ്രതീകാത്മകമായി വർണ്ണിക്കുന്ന 45-ാം സങ്കീർത്തനത്തിൽ നിന്നാണ് ദൈവമാതാവിനെപ്പറ്റിയുള്ള കുക്കിലിയോൻ ("നിന്നാൾ സ്തുതിയൊടു രാജമകൾ...") ചൊല്ലുന്നത്. സഭയുടെ പ്രതീകം എന്ന നിലയിൽ ഇവിടെ വി. മാതാവിനെ കാണുന്നതോടൊപ്പം അവളുടെ സാന്നിധ്യം ആരാധനയിൽ ഉണ്ടെന്ന് അനുസ്മരിക്കുകയും ചെയ്യുന്നു.

മർത്തമറിയം വനിതാസമാജ ദിനം

മലങ്കരസഭയിലെ സ്ത്രീകൾക്കുവേണ്ടിയുള്ള സംഘടനയായ മർത്തമറിയം സമാജദിനം ആണിന്ന്. 'മർത്തമറിയം' എന്നുള്ളത് ദൈവമാതാവായ വി. മറിയാമിനെ കുറിക്കുന്നു. മാതാവിന്റെ നാമത്തിലുള്ള സംഘടന എന്നർത്ഥം. പ്രാർത്ഥിക്കുക, പ്രകാശിക്കുക, പ്രവർത്തിക്കുക എന്നീ ആദർശങ്ങളാണ് പ്രസ്ഥാനം പ്രധാനമായും ഊന്നിപ്പറയുന്നത്. ഓരോ ഇടവകകളിലും വനിതകളെ സംഘടിപ്പിച്ചുകൊണ്ട് ഇതിന്റെ ശാഖകൾ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ, തൊഴിൽ പരിപാടികൾ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നുമുണ്ട്.

❑

കാനോനിക നമസ്കാരങ്ങൾ

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

ഒരു ക്രിസ്ത്യാനി എപ്പോഴും നടത്തേണ്ട ശുശ്രൂഷയാണ് പ്രാർത്ഥന. പൗലോസ് അപ്പോസ്തലൻ പറയുന്നത് ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നാണ്. എല്ലാ യാമങ്ങളും മനുഷ്യ സൃഷ്ടിയുടെ ശുദ്ധികരണത്തിനായി ക്രമീകരിച്ചിരിക്കുന്നു. മനുഷ്യനും പ്രപഞ്ചത്തിനുമായി നാം പ്രാത്ഥിക്കുന്നു. നമ്മുടെ കാനോനിക നമസ്കാരങ്ങൾ സർവ്വ സൃഷ്ടിയേയും സമർപ്പിച്ചുള്ളതാണ്. ദൈവസ്നേഹത്തിന്റെ പ്രതിസ്പന്ദനമാണ് പ്രാർത്ഥന. ആയതിനാൽ ഓരോ നിമിഷവും നാം നന്ദി അർപ്പിക്കണം. സഭാ കാനോനിക നമസ്കാരങ്ങൾ ക്രമീകരിച്ചിരിക്കുന്നത് മനുഷ്യന്റെ നൻമയ്ക്കായിട്ടാണ്. അതിനായി പ്രത്യേക സമയം നാം മാറ്റി വെയ്ക്കുന്നുണ്ട്. പ്രാർത്ഥനകൾ എല്ലാം നമ്മുടെ സ്നേഹ പ്രകടനമാണ്. ദൈവകരുണയിലാണ് ജീവിക്കുന്നത് എന്ന ഓർമ്മപ്പെടുത്തലും ദൈവത്തിന് നന്ദി പറയുന്നതുമാണ് പ്രാർത്ഥന. ദൈവകൃപയ്ക്കനുസരിച്ച് നാം ജീവിക്കുന്നു എന്ന പ്രകടനമാണ് പ്രാർത്ഥന. It's a Symbol of our humility. ദൈവത്തിലുള്ള നമ്മുടെ ആശയബോധം വെളിവാക്കുന്നു. നമ്മുടെ അഹങ്കാരത്തെ നിയന്ത്രിക്കാൻ കഴിയുന്നതാണ് പ്രാർത്ഥന. ദൈവത്തിൽ നാം ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നു.

യാമപ്രാർത്ഥനകൾ

സങ്കീ: 119:164–ൽ ഇപ്രകാരം പറയുന്നു. നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കും. ദാവീദ് ഏഴു നേരം പ്രാർത്ഥിച്ചിരുന്നതായി നാം കാണുന്നു. ഇതിനൊക്കെ യഹൂദ പശ്ചാത്തലുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ ആരാധന 7 യാമങ്ങളായി ക്രമീകരിച്ചിരിക്കുന്നത്. 7 പൂർണതയുടെ സംഖ്യയായി യഹൂദന്മാർ കണക്കാക്കിയിരിക്കുന്നു. 7 നേരത്തേ പ്രാർത്ഥന–ആഴ്ചയ്ക്ക് 7 ദിവസം എന്ന പൗരാണിക കണക്കും ഉണ്ട്. സൃഷ്ടി കർമ്മത്തിൽ 6 ദിവസം സൃഷ്ടിച്ചു. ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതിലും ഏഴിന്റെ കണക്ക് ഉണ്ട്.

ഓർത്തഡോക്സ് വിശ്വാസമനുസരിച്ച് ദിവസത്തിൽ 7 തവണ പ്രാർത്ഥിക്കുന്നതിനായി 7 യാമങ്ങളായി ഒരു ദിവസത്തെ ക്രമീകരിച്ചിരിക്കുന്നു. സങ്കീ 119:164: "നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴ് പ്രാവശ്യം നിന്നെ സ്തുതിക്കും."

സന്ധ്യായാമത്തിൽ തുടങ്ങി ഒമ്പതാം മണിയോട് (3 pm) കൂടി അവസാനിക്കുന്ന ഒരു പ്രാർത്ഥനാക്രമീകരണമാണ് യാമ പ്രാർത്ഥനയിൽ ഉള്ളത്. സന്ധ്യ, സൂത്താറ, രാത്രി, പ്രഭാതം, മൂന്നാംമണി, ആറാംമണി, ഒമ്പതാം മണി എന്നിവയാണ് 7 യാമങ്ങൾ. ഇതനുസരിച്ച് തലേദിവസം സന്ധ്യയോടുകൂടിയാണ് ഒരു ദിവസം ആരംഭിക്കുന്നത്. ഇത് സുറിയാനി പ്രാർത്ഥനാക്രമമനുസരിച്ചാണ് ഉടലെടുക്കുന്നത്. എല്ലാ യാമങ്ങളും കർത്താവിന്റെ കഷ്ടാനുഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു.

രാത്രി – കർത്താവിന്റെ ബന്ധനം
പ്രഭാതം – കർത്താവിന്റെ വിസ്താരം
മൂന്നാം മണി – വിധി പ്രസ്താവിക്കുന്നു
ആറാം മണി – ക്രൂശിൽ തറയ്ക്കുന്നു.
ഒമ്പതാം മണി – ക്രിസ്തു പ്രാണനെ വെടിയുന്നു
സന്ധ്യ – കർത്താവിന്റെ ശരീരം കുരിശിൽ നിന്നിറക്കുന്നു
സൂത്തറ – കബറടക്കുന്നു.

ഈ പ്രാർത്ഥനകൾ എല്ലാം അതത് യാമങ്ങളിൽ നടത്താൻ കഴിയുന്നത് നല്ലത്. എങ്കിലും സൗകര്യാർത്ഥം മൂന്നു യാമങ്ങളായി നടത്താം. രാത്രിയും, പ്രഭാതവും ഒന്നിച്ച്, മൂന്നാം മണിയും, ആറാം മണിയും ഒന്നിച്ച്, ഒമ്പതാം മണിയും, സന്ധ്യയും സൂത്താറയും ഒന്നിച്ചു നടത്താം.

കൗമാ

കൗമാ എന്നാൽ നിൽപ്പ് എന്നാണ് അർത്ഥം. ത്രിത്വസ്തുതി മുതൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! വരെയാണ് കൗമാ. കൃപ നിറഞ്ഞ മറിയമേ... എന്നുള്ളത് കൗമായുടെ ഭാഗമല്ല. ആരാധനകളും കൂദാശകളും യാമപ്രാർത്ഥനകളും ആരംഭിക്കുന്നത് കൗമായിലാണ്. യാമപ്രാർത്ഥനകൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമയിലാണ്. നമ്മെ സൃഷ്ടിച്ച ത്രിത്വത്തിന് സ്തുതി അർപ്പിച്ചുകൊണ്ടുമാത്രമേ ഏതു പ്രാർത്ഥനയും ആരംഭിക്കാവൂ... കൗമാ പ്രാർത്ഥനയുടെ ഉദ്ദേശം അതാണ്. നിന്നുകൊണ്ട് നാം പ്രാർത്ഥിക്കുന്ന മുഖവുര പ്രാർത്ഥനയാണ് കൗമാ.

കിഴക്ക്

കേദം എന്ന് ഹിബ്രു വാക്കിന് Source, Origin എന്നാണർത്ഥം. എല്ലാത്തിന്റെയും ആരംഭം കിഴക്കു കുറിക്കുന്നു. എല്ലാത്തിന്റെയും പ്രഭാവ കേന്ദ്രം കിഴക്കാണ്. നമ്മുടെ ആരാധനകൾ കിഴക്കോട്ടായി നാം നടത്തുന്നു. കിഴക്ക് ഉദയസൂര്യന്റെ ദിക്കാണ്. ക്രിസ്തു നീതി സൂര്യനാകുന്നു. ആദ്യം പ്രകാശം സൃഷ്ടിക്കപ്പെട്ടത് കിഴക്കാണ് എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. ദൈവത്തിന്റെ തേജസ്സ് കിഴക്കു വഴിയായി വന്നുവെന്ന് യെഹസ്കിയേൽ പ്രവചനത്തിൽ (43:2) പറയുന്നു. കിഴക്കോട്ട് അഭിമുഖമായി പ്രാർത്ഥിക്കുന്നതിലൂടെ ആരാധനയ്ക്ക് ഒരു ക്രമം ഉണ്ടാകുന്നു. ഇത് ഒരു Discipline ഭാഗമായി കണക്കാക്കാം.

സമൂഹപ്രാർത്ഥനയും വ്യക്തിപരമായ പ്രാർത്ഥനയും

വ്യക്തിപരമായ പ്രാർത്ഥന എന്ന പ്രാർത്ഥന ഇല്ല. Every Prayer is Communal Prayer. ഒരാൾ പ്രാർത്ഥിക്കുമ്പോഴും അയാളുമായി ബന്ധപ്പെട്ട അനേകർ ഉണ്ട്. വ്യക്തിപരമായി പ്രാർത്ഥിക്കുമ്പോഴും, ഞാൻ എന്ന വ്യക്തി വളരുന്നത് സമൂഹത്തിലൂടെയാണ്. സ്വന്തമായി വാചാപ്രാർത്ഥന ആണെങ്കിലും, സഭയുടെ പ്രാർത്ഥനയുമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ അംഗമായി ഇരിക്കുമ്പോൾ ഞാൻ ചെയ്യുന്ന ഓരോ പ്രവൃത്തിയും സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ അന്തരീക്ഷത്തിലാണ് ഓരോരുത്തരും പ്രാർത്ഥിക്കുന്നത്. സഭയാകുന്ന ഗാത്രത്തിലൂടെ ആ പ്രാർത്ഥന ഒഴുകിക്കൊണ്ടിരിക്കുകയാണ്. എഴുതപ്പെട്ടതും എഴുതപ്പെടാത്തതും അനുഭവമാണ്. ദാവീദിന് അനുഭവപ്പെട്ടത് എഴുതിയിരിക്കുന്നു. എല്ലാം നാം പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ വാചാ പ്രാർത്ഥന പ്രാർത്ഥിക്കുമ്പോൾ എല്ലാ ദിവസത്തേയും ഏകദേശം ഒന്നുതന്നെയായിരിക്കും. എന്നാൽ നമ്മുടെ നമസ്കാരങ്ങൾ എല്ലാം തന്നെ നമ്മുടെ ശ്രദ്ധയെ ബാധിക്കും. വാചകപ്രാർത്ഥനയാൽ, നാം വാക്കുകൾ കണ്ടുപിടിക്കാൻ ശ്രദ്ധിക്കുമ്പോൾ, നമ്മുടെ എഴുതപ്പെട്ട നമസ്കാരങ്ങളാൽ നമുക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കും. നമുക്ക് ഒരു 'Set of Pattern' ഉണ്ട്. പ്രാർത്ഥനയ്ക്കുള്ള Discipline സഭാപിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നു.

ലുത്തിനിയകൾ

ദൈവകരുണയും കൃപയും യാചിച്ചുകൊണ്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളാണിവ. വിഷയക്രമീകരണം ഇതിലുണ്ട്. ആ വിഷയത്തെ സംബന്ധിച്ച ആശയത്തിന് ഊന്നൽകൊടുത്തുകൊണ്ട് പ്രാർത്ഥിക്കും.

പ്രാർത്ഥനാ ചരട്

4–ാം നൂറ്റാണ്ടിൽ ഈജിപ്തിൽ ഉണ്ടായിരുന്ന പാരമ്പര്യം. സന്യാസചര്യയിൽ സങ്കീർത്തനം തുടർച്ചയായി വായിക്കുക പതിവായിരുന്നു. അന്യരെയും

വിദ്യാഭ്യാസമില്ലാത്തവരെയും ഏതെങ്കിലും ഒരു സങ്കീർത്തനം പഠിപ്പിക്കും. അത് 150 തവണ ഉരുവിടണം. അതിന് ഒരു ചരടും 150 മണികളും ഉണ്ട്. ഇപ്പോൾ മണികളുടെ എണ്ണം പലയിടത്തും പലതാണ്. സങ്കീർത്തനം ഉച്ചരിക്കാൻ ഈജിപ്ഷ്യൻ ആശ്രമത്തിൽ ഉണ്ടായതാണ് പ്രാർത്ഥനാചരട്. എന്നാൽ ബൈസന്റൈൻ ചർച്ചിൽ 17-ാം നൂറ്റാണ്ടിൽ ജീസസ് പ്രയർ ചൊല്ലാനായി ഇത് ഉപയോഗിച്ചിരുന്നു.

നമസ്കാരങ്ങളിലെ വേദപുസ്തകവായന

നമസ്കാരങ്ങളിലെ വേദപുസ്തകവായന പുതിയ നിയമ, പഴയനിയമ സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ ആരാധനയിലെ ഭൂരിഭാഗം പദ്യങ്ങളും, ഗദ്യങ്ങളും വി. വേദപുസ്തകത്തിൽ നിന്നുള്ളവയാണ്. ഉദാ: കുക്കിലിയോനുകൾ സങ്കീർത്തന ഭാഗത്തുനിന്നുള്ളവയാണ്. വി: കുർബ്ബാനയിൽ പഴയനിയമ, പുതിയനിയമ, സുവിശേഷ ഭാഗങ്ങൾ നാം വായിക്കുന്നു. സന്ധ്യ, രാത്രി, പ്രഭാതം തുടങ്ങിയ യാമ നമസ്കാരങ്ങളിലും സങ്കീർത്തന ഭാഗങ്ങൾ നാം ധാരാളമായി ഉപയോഗിക്കുന്നു.

യെശയ്യാ പ്രവാചകനെ മഹത്വമുള്ളവനായ യെശയ്യാവ് എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?

സഭയുടെ ആരാധനാ പാരമ്പര്യത്തിൽ രണ്ടു വ്യക്തികളെ മാത്രമേ 'മഹത്വമുള്ളവൻ' എന്ന് വിശേഷിപ്പിക്കുന്നുള്ളൂ. യെശയ്യാ പ്രവാചകനെയും സ്തേപ്പാനോസ് ശെമ്മാശനെയും (നാലാം തുബ്ദേനിൽ). കാരണം, ഇവർ രണ്ടു പേർ മാത്രമേ സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൈവമഹത്വവും ദർശിച്ചിട്ടുള്ളൂ.

യാമ പ്രാർത്ഥനകൾ ഒന്നിച്ച് നമസ്കരിക്കുമ്പോൾ കൗമാ നമസ്ക്കരിക്കുന്നതിനെപ്പറ്റി

യാമപ്രാർത്ഥനകൾ ഒരുമിച്ചല്ല നടത്തേണ്ടത്. പക്ഷേ, നമ്മുടെ സൗകര്യാർത്ഥം ഒന്നിച്ച് നടത്തപ്പെടുന്നു. പൂർണ്ണമായ അർത്ഥത്തിൽ നടത്തുമ്പോൾ 2 കൗമാ ചൊല്ലണം. യഥാർത്ഥത്തിൽ ഓരോ യാമപ്രാർത്ഥനയും വിശ്വാസപ്രമാണവും കുക്കിലിയോനും ചൊല്ലി അവസാനിപ്പിക്കേണ്ടതാകുന്നു. പക്ഷേ, എല്ലാത്തിലും നാം ചൊല്ലുന്നില്ല. യാമപ്രാർത്ഥന ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമായോടെയാണ്.

സൂത്താറാ നമസ്ക്കാരത്തിന് രണ്ടു തിരി കത്തിക്കുന്നത് എന്തിന്?

സൂത്താറാ നമസ്ക്കാരത്തിന് രണ്ടു തിരി കത്തിക്കുന്നതിന് രണ്ടു വിശദീകരണം ഉണ്ട്.

1. 'സേത്തോറോ' എന്നാൽ 'കാവൽ' എന്നാണ് കൂടുതൽ ദൈവീക പ്രകാശത്തെ നൽകുന്നു. ദൈവത്തിന്റെ കൂടുതൽ കരുതലിന്റെ Symbol.

2. ദൈവസന്നിധിയിൽ മാലാഖമാർ 2 ഗണങ്ങളായി സ്തുതിപാടുന്നു. 2 മസ്മൂറാ 2 ഗണങ്ങളായി വായിക്കുന്നു. അതിന് മുമ്പാണ് 2 തിരികൾ കത്തിക്കുന്നത്. നമസ്കാരം നടത്തുന്നവർ തന്നെ കത്തിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നതിനാൽ അവർ കൗമാ സമയത്ത് കത്തിച്ചു എന്ന് മാത്രമേ ഉള്ളൂ. വലിയ നോമ്പിൽ ബോവൂസാ ചൊല്ലുന്നതിന് മുമ്പാണ് കത്തിക്കുന്നത്.

❑

തുമ്പമൺ മർത്തമറിയം ഭദ്രാസന ദേവാലയത്തിലെ SDOF വാർഷിക ആഘോഷം സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു., ഫാ. അജിൻ പി. തോമസ്, ഫാ. ജിജി സാമുവേൽ, ഫാ. ലിജിൻ ഏബ്രഹാം, അജി റ്റി. ജോർജ്, ബീനാ കോശി, അജിത റോയി എന്നിവർ സമീപം.

മീനടം സെന്റ് മേരിസ് പള്ളിയിൽ സെന്റ് ഡയനീഷ്യസ് ഫോറം യൂണിറ്റിന് ആരംഭം കുറിച്ചു.

SDOF Sunday യുടെ ടെക്നിക്കൽ അഡ്വൈസർ ആയി ചുമതല ഏൽക്കുന്ന ഡോ. ഉമ്മൻ കെ. മാത്യുവിന് അനുമോദനങ്ങൾ.

'ഏകാഗ്രത'യും 'മറവും'

"പണ്ട് സെമിനാരിയിൽ പഠിച്ചപ്പോൾ ഡോ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി പറഞ്ഞു തന്നതാണ്. ഏകാഗ്രതയുടെ ആദ്യ നിമിഷങ്ങൾ മൊട്ടുസൂചി വീണാൽ വലിയ ശബ്ദമായിത്തോന്നാം. എന്നാൽ അവസാന നിമിഷങ്ങളിൽ പെരുമ്പറയടിച്ചാലും അറിയുകയില്ല." "കുഞ്ഞേ, ഈ ലോകത്തിൽ ഒരു മറവു മാത്രമേ ഉള്ളൂ. അത് അത്യുന്നതന്റെ മറവാണ്. മറ്റാരുടെയോ എന്തിന്റെയോ മറവിൽ ആകുവാൻ ആഗ്രഹിക്കരുത്. അത്യുന്നതന്റെ മറവിൽ നിന്ന് മാറിപ്പോകുവാനും ആഗ്രഹിക്കരുത്. ആ മറവിൽ ആയിരിക്കുന്നിടത്തോളം നാം സുരക്ഷിതരായിരിക്കും."

– സഖറിയാ മാർ അന്തോണിയോസ്

കൊല്ലാട് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിലെ S.D.O.F. യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച ലൈബ്രറിയുടെ കൗണ്ടർ പ്രവർത്തനം ആരംഭിച്ചപ്പോൾ.

Article

The Holy Theotokos: Model of Faith, Obedience, and Glorification

Fr. Varghese P. Idichandy

During the holy Fast of the Dormition, the Church directs our eyes toward the Most Holy Theotokos. Yet whenever the Orthodox Church speaks about the mother of God, she is ultimately speaking about Christ, His Incarnation, and the salvation of humanity. Every title given to the Virgin Mary points beyond her to her Son, our Lord Jesus Christ.

The Theotokos: Witness to the Incarnation

The title Theotokos ("God-bearer" or "Mother of God"), solemnly affirmed by the Council of Ephesus in AD 431, stands at the heart of Orthodox faith. The Virgin Mary is not the source of Christ's divinity; rather, she is called the Mother of God because the One whom she conceived and bore is none other than the eternal Word of God who became flesh for our salvation.

When Elizabeth, filled with the Holy Spirit, exclaimed:

"And why is this granted to me, that the mother of my Lord should come to me?" (Luke 1:43), she recognized not merely Mary's blessedness, but the identity of the Child she carried.

Thus, to honour the Theotokos is to confess the mystery of the Incarnation: that the eternal Son of God truly became man for our salvation.

The All-Holy One and the New Eve

The Orthodox Church calls the mother of God Panagia—the All-Holy One—not because she ceased to be human, but because she responded to God's grace more fully than any other human person.

Her response to the Archangel Gabriel remains one of the most beautiful acts of faith in all of Scriptures:

"Behold, I am the handmaid of the Lord; let it be to me according to your word" (Luke 1:38). In these words, the history of salvation reaches a decisive moment. The eternal plan of God for the Incarnation is received with perfect faith and obedience by the Virgin Mary, and through her free assent the Word becomes flesh for the salvation of the world.

Saint Irenaeus teaches:

«"The knot of Eve's disobedience was loosed by the obedience of Mary."»

Through Eve's disobedience, sin and death entered the world; through Mary's obedience, the Savior entered the world. Eve became the mother of fallen humanity, while the Virgin Mary became the mother of the renewed humanity in Christ. By her faithful "yes" to God, she freely cooperated with His saving will, and in her the Church beholds the beginning of humanity's restoration and the dawning of the new creation.

The Living Ark of the New Covenant

The Ark of the Covenant was the holiest object in the Old Testament, the sacred dwelling place of God's presence among His people. Within the Ark were placed the tablets of the Law, the manna from heaven, and Aaron's priestly rod—signs of God's covenant, His provision, and His priesthood.

The Virgin Mary became the fulfilment of all that the Ark foreshadowed. The Ark contained the tablets of the Law; she bore within her womb the living Word of God Himself. The Ark held the manna from heaven; she carried Christ, the true Bread who came down from heaven to give life to the world. The Ark preserved Aaron's priestly rod; she bore the eternal High Priest who offers Himself for the salvation of humanity.

For this reason, the Orthodox Fathers call her the Living Ark of the New

Covenant. What the ancient Ark symbolized, the Theotokos fulfilled in reality.

The Scriptures themselves reveal striking parallels between the two. When David brought the Ark to Jerusalem, he exclaimed, "How can the ark of the Lord come to me?" (2 Samuel 6:9). When the Virgin Mary came to Elizabeth, she cried out, "And why is this granted to me, that the mother of my Lord should come to me?" (Luke 1:43). David rejoiced and danced before the Ark; Saint John the Baptist leaped for joy in his mother's womb at the presence of the Theotokos. The Ark remained for three months in the house of Obed-Edom; Mary remained for about three months with Elizabeth.

In the Theotokos, the shadow gives way to the reality. God came to dwell not merely among His people, as He did through the Ark of old, but within human nature itself through the mystery of the Incarnation.

The Dormition: The Triumph of Christ over Death

The Orthodox Church does not primarily speak of the death of the Mother of God. Rather, it celebrates her Dormition—her falling asleep in the Lord.

Because of Christ's Resurrection, death is no longer the final word; it has become a passage into eternal life. The Theotokos, being fully human, experienced death, yet she did not remain under its power. Saint John of Damascus writes:

"It was fitting that she who carried God in her womb should dwell in the divine tabernacles."

According to the Church's holy Tradition, Christ received the soul of His Mother, and by His power her body was glorified. Thus, in celebrating the Dormition, the Church proclaims not merely the honor of the most holy Virgin, but the victory of Christ over death. Her Dormition is a witness that the resurrection accomplished by her Son is already at work in humanity and that those who belong to Him are called to share in His triumph over death.

The Body of Christ and the Body of the Theotokos

Orthodox Tradition teaches that neither the body of Christ nor the body of the Theotokos was subject to corruption. Yet the Church carefully distinguishes the reason for this incorruption, for the mystery of Christ and the mystery of the Theotokos are not the same.

Christ's body remained incorrupt because He is the eternal Son of God. His human nature is united inseparably to His divine Person, and therefore death had no dominion over Him. He rose by His own power, ascended by His own authority, and is Himself the source of life. As Saint Peter proclaims:

"It was impossible for death to hold Him" (Acts 2:24).

The Mother of God, however, stands in an entirely different relationship to this mystery. She is not divine, nor is she the Savior of the world. She did not conquer death by her own power, nor did she raise herself from the dead or ascend to heaven by her own authority. Her glorification was entirely the fruit of Christ's victory over death and the fullness of His saving grace.

For this reason, the Orthodox Fathers make a profound distinction:

- Christ's body was incorrupt by nature.
- The Theotokos' body was glorified by grace.

Christ is the source of glory; the Theotokos is the foremost recipient of that glory. Christ is the Victor over death; the Theotokos is the first and greatest disciple to share fully in His victory.

This distinction is essential. The glorified body of Christ reveals who Christ is—the eternal Son of God. The glorified body of the Theotokos reveals what humanity can become through union with Christ. In Christ we see God becoming man; in the Theotokos we see humanity raised and glorified by divine grace.

The Promise of Our Resurrection

The Dormition is not merely the story of one holy woman; it is a prophecy of the destiny of the entire Church.

In the life of the Theotokos, we see the fruit of perfect faith and obedience. In her Dormition, we see the defeat of death. In her glorification, we see the promise of our own resurrection.

Her empty tomb proclaims to the Church:

- Death is not the final word.
- The human body was not created for corruption.
- In Christ, humanity is destined for glory.

The Fast of the Dormition therefore calls us not merely to admire the Mother of God, but to imitate her faith, humility, obedience, and unwavering devotion to Christ.

Her life teaches us how to follow Christ. Her Dormition teaches us how to die in Christ. Her glorification reveals the future prepared for all who belong to Him.

Thus, the glory of the Theotokos is ultimately a testimony to the glory of Christ, for the salvation that began with the Incarnation reaches its fulfillment in the glorification of humanity.

Most Holy Theotokos, pray for us.

❑

പുന്നമൂട് സെന്റ് ഗ്രീഗോറിയോസ് ഇടവകയിലെ SDOF യൂണിറ്റിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി. വികാരി ഫാ. ജേക്കബ് ജോൺ കോറെപ്പിസ്കോപ്പാ അധ്യക്ഷത വഹിച്ചു. കൃഷി ചെയ്യുന്നതിന്റെ സാധ്യതകളെ കുറിച്ച് കൃഷി ഡിപ്പാർട്മെന്റിലെ ഡെപ്യൂട്ടി ഡയറക്ടർ ലേഖ മേനോൻ ക്ലാസ്സ് എടുത്തു. കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ, വൈസ് പ്രസിഡന്റ് സജു എസ്. ബേബി, യൂണിറ്റ് സെക്രട്ടറി ലാലി ബാബു, ജോയിന്റ് സെക്രട്ടറി ജെസ്സി എന്നിവർ പ്രസംഗിച്ചു. ഇടവക ട്രസ്റ്റി എം. പി. തോമസ് മണ്ണങ്കര, സെക്രട്ടറി ചെറിയാൻ ഡാനിയേൽ, എം.ജി.എം. സ്കൂൾ കമ്മിറ്റി അംഗം രാജു എം. ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

ബഹ്റൈനിലെ ഒൻപത് ക്രൈസ്തവ ദേവാലയങ്ങളുടെ കൂട്ടായ്മയായ കേരളാ ക്രിസ്ത്യൻ എക്യുമെനിക്കൽ കൗൺസിലിന്റെ 2026–27 പ്രവർത്തന വർഷത്തിന്റെ പി.ആർ.ഒ. ആയി ബഹ്റൈൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ SDOF അംഗം ഡിജു ജോൺ മാവേലിക്കരയെ തിരഞ്ഞെടുത്തു. പത്തിച്ചിറ സെൻറ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയാണ് മാതൃ ഇടവക.

കുളത്തൂപ്പുഴ ഡിസ്ട്രിക്ട് SDOF പ്രവർത്തന ഉദ്ഘാടനവും പ്രതിനിധി സമ്മേളനവും ഓഗസ്റ്റ് 9-ന്

ചോഴിയക്കോട്: സെന്റ് ഡൈനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് തിരുവനന്തപുരം ഭദ്രാസന കുളത്തൂപ്പുഴ ഡിസ്ട്രിക്ട് പ്രവർത്തന ഉദ്ഘാടനവും ഭദ്രാസന പ്രതിനിധി സമ്മേളനവും ഓഗസ്റ്റ് 9 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ചോഴിയക്കോട് സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ പള്ളിയിൽ വെച്ച് നടക്കും.

തുമ്പോട് സെന്റ് കുറിയാക്കോസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ഗീവർഗ്ഗീസ് പള്ളിവാതുക്കലിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനം SDOF ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. പ്രകാശ് കെ. തോമസ് ഉദ്ഘാടനം ചെയ്യും. മണക്കോട് സെന്റ് തോമസ് മാർത്തോമ്മാ ഇടവക വികാരി ഫാ. കെവിൻ വർഗ്ഗീസ് ബോധവൽക്കരണ ക്ലാസ് നയിക്കും. SDOF കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ മുഖ്യസന്ദേശവും SDOF ഭദ്രാസന ജനറൽ സെക്രട്ടറി സുബോധ് ജോർജ്ജ് പ്രവർത്തനരേഖ അവതരണവും നടത്തും.

ഇടവക ട്രസ്റ്റി ജോർജ്ജ് തോമസ് കെ. സ്വാഗതവും SDOF കുളത്തൂപ്പുഴ ഡിസ്ട്രിക്ട് കോർഡിനേറ്റർ ആന്റു ജോർജ്ജ് ഡിസ്ട്രിക്ട് റിപ്പോർട്ടും അവതരിപ്പിക്കും. SDOF അഞ്ചൽ ഡിസ്ട്രിക്ട് പ്രസിഡന്റ് ഫാ. അലക്സാണ്ടർ ഡാനിയേൽ, SDOF റീജണൽ സെക്രട്ടറി ഷിബു വർഗ്ഗീസ്, തിരുവനന്തപുരം ഭദ്രാസന കൗൺസിൽ അംഗം ജോബി ടി. ലാൽ, SDOF കുളത്തൂപ്പുഴ ഡിസ്ട്രിക്ട് സെക്രട്ടറി ഷിബു ചാക്കോ, SDOF യൂണിറ്റ് വൈസ് പ്രസിഡന്റ് റോയി തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിക്കും. തുടർന്ന് പൊതുവായ ചർച്ചയും പ്രവർത്തന അവലോകനവും നടക്കും. ഇടവക സെക്രട്ടറി ജോബിൻ എബ്രഹാം കൃതജ്ഞത രേഖപ്പെടുത്തും.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

– പ. പരുമല തിരുമേനി

Content-ൽ നിന്ന് Communion-ലേക്ക്

AI യുഗത്തിൽ മനുഷ്യനെക്കുറിച്ചുള്ള സഭയുടെ പുനർവിചിന്തനം

(From Content to Communion: Re-thinking the Human Person in the Age of Artificial Intelligence)

ഫാ. ഗീവർഗീസ് ബേബി ഇടമറുക്

ഓരോ കാലഘട്ടവും മനുഷ്യനെക്കുറിച്ച് പുതിയ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. ചില കാലങ്ങൾ മനുഷ്യന്റെ ശക്തിയെ വിലയിരുത്തി; ചിലത് അവന്റെ അറിവിനെ; മറ്റു ചിലത് അവന്റെ സ്വാതന്ത്ര്യത്തെ. എന്നാൽ നമ്മുടെ കാലം ചോദിക്കുന്ന ചോദ്യം വ്യത്യസ്തമാണ്. കൃത്രിമബുദ്ധി (Artificial Intelligence - AI) മനുഷ്യനെപ്പോലെ ചിന്തിക്കാനും എഴുതാനും സംസാരിക്കാനും പഠിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്ത്, മനുഷ്യൻ സ്വയം ആരാണെന്ന് മറന്നുപോകുകയാണോ?

ഈ ചോദ്യം സാങ്കേതികവിദ്യയെക്കുറിച്ചുള്ളതല്ല. അത് മനുഷ്യനെക്കുറിച്ചുള്ളതാണ്. അതുകൊണ്ടുതന്നെ അത് സഭയെയും സ്പർശിക്കുന്നു.

ഈ ലേഖനത്തിൽ ‘Content’ എന്ന പദം അതിന്റെ പരമ്പരാഗത അർത്ഥമായ ഉള്ളടക്കം എന്ന നിലയിലല്ല ഉപയോഗിക്കുന്നത്. സമകാലിക ഡിജിറ്റൽ സംസ്കാരത്തിൽ, സോഷ്യൽ മീഡിയയും മറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും വഴി ഉപഭോഗത്തിനും പങ്കുവെക്കലിനുമായി സൃഷ്ടിക്കപ്പെടുന്ന വീഡിയോ, ചിത്രം, റീൽ, പോസ്റ്റ്, പോഡ്കാസ്റ്റ്, ലേഖനം തുടങ്ങി എല്ലാ ഡിജിറ്റൽ സൃഷ്ടികളെയും പൊതുവായി സൂചിപ്പിക്കുന്ന പദമാണ് Content. എന്നാൽ ഈ ലേഖനം ഡിജിറ്റൽ Content നെ വിമർശിക്കുകയല്ല ചെയ്യുന്നത്. മറിച്ച്, മനുഷ്യൻ തന്നെ ക്രമേണ ഒരു ‘Content’ ആയി വിലയിരുത്തപ്പെടുകയും അവതരിപ്പിക്കപ്പെടുകയും ചെയ്യുന്ന സാംസ്കാരിക പരിവർത്തനത്തെക്കുറിച്ചാണ് ഇത് ചിന്തിക്കുന്നത്.

ഓരോ സാങ്കേതിക മുന്നേറ്റവും മനുഷ്യജീവിതത്തെ മാറ്റാറുണ്ട്. എന്നാൽ ചില സാങ്കേതിക മുന്നേറ്റങ്ങൾ മനുഷ്യൻ സ്വയം മനസ്സിലാക്കുന്ന രീതിയെയും മാറ്റുന്നു. ഡിജിറ്റൽ സംസ്കാരം (Digital Culture) മനുഷ്യന് പുതിയ ആശയവിനിമയ സാധ്യതകൾ തുറന്നുകൊടുത്തു. കൃത്രിമബുദ്ധി പുതിയ സൃഷ്ടിപരമായ സാധ്യതകളും സമ്മാനിച്ചു. അതേസമയം, അറിയാതെ മറ്റൊരു മാറ്റവും സംഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ മൂല്യം അവന്റെ അസ്തിത്വത്തിൽ (Being) നിന്നല്ല, അവന്റെ ദൃശ്യതയിൽ (Visibility) നിന്നാണ് അളക്കപ്പെടാൻ തുടങ്ങിയത്. ബന്ധങ്ങൾ (Relationships) പലപ്പോഴും പ്രതികരണങ്ങൾക്ക് (Engagement) വഴിമാറുന്നു; സാന്നിധ്യം (Presence) പ്രകടനത്തിന് (Performance) കീഴടങ്ങുന്നു; വ്യക്തിത്വം (Personhood) പതുക്കെ അവതരണമായി (Presentation) ചുരുങ്ങുന്നു.

“നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്.”
– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി



സഭയുടെ ഏറ്റവും വലിയ ദൗത്യം പുതിയ സാങ്കേതികവിദ്യകളെ വ്യാഖ്യാനിക്കുക എന്നതല്ല; മനുഷ്യനെ വീണ്ടും കണ്ടെത്തുക എന്നതാണ്.

ഇത് സാങ്കേതികവിദ്യയുടെ പരാജയമല്ല; മനുഷ്യനെക്കുറിച്ചുള്ള നമ്മുടെ കാഴ്ചയുടെ മാറ്റമാണ്.

ഇവിടെയാണ് സഭയുടെ ശബ്ദം വീണ്ടും പ്രസക്തമാകുന്നത്. കാരണം സഭ മനുഷ്യനെ ഒരു വിവരശേഖരമായോ (Data), ഒരു പ്രവർത്തനഘടകമായോ (Function), അല്ലെങ്കിൽ ഒരു ഉപഭോഗവസ്തുവായോ (Commodity) കണ്ടിട്ടില്ല. വിശുദ്ധ വേദപുസ്തകത്തിന്റെ ആദ്യ പേജുകളിൽ നിന്ന് അവസാന പേജുകൾ വരെ മനുഷ്യൻ ദൈവത്തിന്റെ സ്വരൂപം (Imago Dei) വഹിക്കുന്നവനാണ്. അവന്റെ മൂല്യം അവൻ സൃഷ്ടിക്കുന്നതിലല്ല; അവൻ ആരാണെന്നതിലാണ്. അവന്റെ മഹത്വം അവന്റെ കഴിവുകളിലല്ല; അവന്റെ വിളിയിലാണ് (Vocation).

ഇവിടെയാണ് പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യം (Oriental Orthodox Tradition) നമ്മുടെ കാലത്തോട് ഒരു നിർണായക സാക്ഷ്യം പങ്കുവയ്ക്കുന്നത്. സഭയുടെ ആരാധനയുടെ കേന്ദ്രമായ വിശുദ്ധ കുർബാന (Holy Communion) ഒരു മതാചാരമോ ആത്മീയ ചടങ്ങോ മാത്രമല്ല. അത് മനുഷ്യനെക്കുറിച്ചുള്ള സഭയുടെ ഏറ്റവും ആഴമുള്ള പ്രഖ്യാപനമാണ്. മനുഷ്യൻ ഒറ്റയ്ക്കു ജീവിക്കേണ്ടവനല്ല; കൂട്ടായ്മയ്ക്കായി (Communion / Koinonia) സൃഷ്ടിക്കപ്പെട്ടവനാണ്. ദൈവത്തോടും സഹമനുഷ്യരോടും സകലസൃഷ്ടിയോടും ഉള്ള ബന്ധത്തിലാണ് അവന്റെ അസ്തിത്വം പൂർണമാകുന്നത്.

അതുകൊണ്ട് അക യുഗത്തിലെ സഭയുടെ അടിസ്ഥാനചോദ്യം, ‘സാങ്കേതികവിദ്യയെ എങ്ങനെ ഉപയോഗിക്കണം?’ എന്നതിനു മുമ്പ് മറ്റൊന്നാണ്: ‘മനുഷ്യനെ എങ്ങനെ മനസ്സിലാക്കണം?‘ ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരമില്ലാതെ സാങ്കേതികവിദ്യയെക്കുറിച്ചുള്ള എല്ലാ ചർച്ചകളും അപൂർണമാകും. കാരണം യന്ത്രങ്ങളുടെ ഭാവിയെക്കാൾ പ്രധാനമാണ് മനുഷ്യന്റെ ഭാവി; മനുഷ്യന്റെ ഭാവിയെക്കാൾ പ്രധാനമാണ് മനുഷ്യനെക്കുറിച്ചുള്ള നമ്മുടെ ദർശനം.

ഈ ലേഖനം കൃത്രിമബുദ്ധിയെ വിലയിരുത്താനുള്ള ഒരു ശ്രമമല്ല. മറിച്ച്, കൃത്രിമബുദ്ധിയുടെ യുഗത്തിൽ മനുഷ്യനെ വീണ്ടും വായിക്കാനുള്ള (Re-reading) ഒരു ശ്രമമാണ്. സഭയുടെ വിശ്വാസവും, വിശുദ്ധ വേദപുസ്തകവും, പൗരസ്ത്യ ആരാധനാപാരമ്പര്യവും ഈ പുനർവായനയ്ക്ക് നൽകുന്ന വെളിച്ചം എന്താണെന്ന് അന്വേഷിക്കുകയാണ് ഈ ചിന്തയുടെ ലക്ഷ്യം.

ഒരുപക്ഷേ, നമ്മുടെ കാലത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധി കൃത്രിമബുദ്ധിയുടെ ഉദയമല്ല; മനുഷ്യനെക്കുറിച്ചുള്ള നമ്മുടെ സങ്കൽപ്പത്തിന്റെ ക്ഷയമായിരിക്കാം. അങ്ങനെയാണെങ്കിൽ, സഭയുടെ ഏറ്റവും വലിയ ദൗത്യം പുതിയ സാങ്കേതികവിദ്യകളെ വ്യാഖ്യാനിക്കുക എന്നതല്ല; മനുഷ്യനെ വീണ്ടും കണ്ടെത്തുക എന്നതാണ്. ❑

When Silence Speaks
Are We Really Listening to Our Children?

S. Gigy

(St. Thomas Mount Orthodox Syrian Church, Chennai)

Not every child who is struggling will say, "I'm not okay."

Some will keep smiling. They'll go to school, finish their homework, even bring home good marks. And yet, deep inside, they may be carrying loneliness, fear, anxiety or the quiet, exhausting feeling that they are simply not "good enough."

As parents, we naturally want the very best for our children. We encourage them to study well, dream big and make us proud. There is nothing wrong with that. But in preparing them for success, we must also prepare them for life's disappointments, failures and emotional struggles. Both are part of growing up.

Today's children are growing up in a world very different from the one we knew. Every day they face competition, constant comparison on social media, academic pressure and the silent expectation to always succeed. Many are carrying burdens they don't yet have the words to express.

Sometimes the signs are subtle. A cheerful child becomes unusually quiet. A teenager who once loved family time now prefers to be alone. A child who used to come home bursting with stories about school now answers every question with a simple "I'm fine."

That moment, the quiet, the "I'm fine", may be exactly when they need us most.

Instead of asking, "How many marks did you get?" what if we asked, "How was your day?" Instead of rushing in with solutions, what if we simply listened?

Our children may forget many of the things we say to them. But they will never forget how safe they felt talking to us.

The Bible reminds us: "Everyone should be quick to listen, slow to speak and slow to become angry" (James 1:19). Listening is one of the greatest gifts we can give our children. It tells them: You matter. Your feelings matter. I am here for you.

As Christian parents, our greatest responsibility is not only to raise successful children, but to raise children who know they are deeply loved, by God and by their family. Their worth was never measured in marks, medals or achievements. It rests in the simple, unshakable truth that they are made in the image of God.

Our homes should be the safest place for our children to bring their fears, their disappointments, even their failures. Let them know that making mistakes doesn't make them a failure. Let them know they never have to carry their burdens alone.

The Church has a beautiful role to play here too. A caring Sunday School teacher, an OCYM leader, a priest, a family friend or even another parent may notice what we, as parents, sometimes miss. One caring conversation, offered at the right moment, can become the turning point in a young person's life.

And if we ever sense that a child is overwhelmed or losing hope, let us never hesitate to seek help. Reaching out to a trusted counsellor or mental health professional is not a sign of weak faith, it is an act of love and responsibility. God often works through the wisdom, compassion and skill of those He has gifted to care for others.

So, before the day ends, maybe we can set our phones down for a while, sit beside our children and simply ask: "Tell me about your day." That one small question might turn out to be the most important part of their whole day.

Our children don't need perfect parents. They need present ones. Parents who listen more than they lecture, who hug more than they judge, who pray with them, not just for them from a distance.

Because in the end, the greatest gift we can give our children isn't the best school or the brightest future. It's something quieter and stronger: the confidence that whatever they are facing, they will never have to face it alone.

"Cast all your anxiety on Him because He cares for you." — 1 Peter 5:7

SDOF SUNDAY പതിനൊന്നാമത് പതിപ്പ് മൈലപ്ര സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ച് വികാരി ഫാ. തോമസ് കെ. ചാക്കോ, സഹ വികാരി ഫാ. റിജോ സണ്ണി വർഗീസ് പത്രാധിപസമിതി അംഗം പ്രിനു ടി മാത്യൂസ് എന്നിവർ ചേർന്ന് പ്രകാശനം ചെയ്തു.

"ക്രിസ്തുവിന്റെ ക്രൂശിതരൂപം ചേർന്ന കുരിശുകൾ പാശ്ചാത്യ പാരമ്പര്യത്തിന്റെ ഭാഗമായതിനാൽ നമുക്ക് അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല. ചിത്രങ്ങൾ തെരഞ്ഞെടുക്കുമ്പോഴും പൗരസ്ത്യ പാരമ്പര്യത്തിൽ ഉള്ള ഐക്കണുകൾക്ക് വേണം പ്രാധാന്യം കൊടുക്കേണ്ടത്. തിരുഹൃദയം പ്രകടമാക്കുന്ന തരത്തിലുള്ള ക്രിസ്തുവിന്റെയോ കന്യകമറിയാമിന്റെയോ ചിത്രങ്ങൾ ഒഴിവാക്കുക തന്നെ വേണം, കാരണം ഇവ ഒരു പ്രത്യേക കാലഘട്ടത്തിലെ ലത്തീൻ ഭക്തിമാർഗത്തിന്റെ പ്രകാശനങ്ങളാണ്; സന്തുലന ആത്മീയതയ്ക്ക് അവ സഹായകരമല്ല."

– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്



8-8-1121. എറണാകുളം. കൊച്ചി രാജാവിന്റെ ഡർബാർ ദിവസം. നമ്മുടെ ചെരിപ്പു കോട്ടയത്തായി പോയതിനാൽ പുതിയ ഒരു സെറ്റ് ഷൂസ് വാങ്ങി. രണ്ടു മണി ആയപ്പോൾ നാം ഡർബാർ ഹാളിലേക്കു പോയി. അവിടുത്തെ ചടങ്ങുകൾ എല്ലാം കഴിഞ്ഞു നാം നാലു മണിയോടു കൂടെ തിരികെ പള്ളിയിൽ എത്തി. മണലിൽ യാക്കോബ് കത്തനാർ വന്നു.

9-8-1121. എറണാകുളം. ഉച്ചയ്ക്കുശശേഷം മൂന്നേമുക്കാൽ മണിക്കു കൊച്ചി രാജാവിനെ മുഖം കാണിക്കുന്നതിനായി നാമും യാക്കോബ് കത്തനാരും കൂടെ കൊട്ടാരത്തിലേക്കു പോയി. ഞാൻ ഇംഗ്ലീഷുകാരനാണെന്നാണ് രാജാവ് ധരിച്ചത്. കുറച്ചുനേരം സംസാരിച്ചതിനുശേഷം നാം തിരികെ പോന്നു. പോന്ന വഴി ആശുപത്രിയിൽ കയറി സുഖക്കേടായി കിടക്കുന്ന മിഖായേൽ മെത്രാച്ചനെ കണ്ടു. യാക്കോബു കത്തനാർ തിരികെ പോയി.

(പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിയിൽ നിന്നും)

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ, SDOF യൂണിറ്റ് ഓഗസ്റ്റ് 2-നു വിശുദ്ധ ആരാധനക്രമത്തെക്കുറിച്ചുള്ള പഠന പരമ്പരയുടെ ആദ്യ സെഷൻ നടത്തി.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

- പ. പരുമല തിരുമേനി

ചെങ്ങന്നൂർ ഭദ്രാസനത്തിലെ കാരക്കാട് സീനായിക്കുന്ന് സെന്റ് മേരീസ് SDOF യൂണിറ്റിന്റെ നേതൃത്വത്തിൽ ചെറിയനാട്, എണ്ണയ്ക്കാട് ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് അവശ്യസാധനങ്ങളും, ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തു.

ഇടുക്കി അയ്യപ്പൻകോവിൽ സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിയിൽ SDOF യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറി തൈ വിതരണം നടത്തി. ഇടവക വികാരി ഫാ. മാത്യു ജോൺ അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി ജയൻ കുരുവിള വട്ടമല പരിപാടി ഉദ്ഘാടനം ചെയ്തു. 'മണ്ണിനെ സ്നേഹിക്കൂ, മനസ്സിൽ നന്മ വിതയ്ക്കൂ' എന്ന സന്ദേശവുമായി നടത്തിയ പരിപാടിയിൽ പങ്കെടുത്ത എല്ലാ ഇടവക അംഗങ്ങൾക്കും പച്ചക്കറി തൈകൾ വിതരണം ചെയ്തു.